I/136502/2023

**സീനിയർ അഡ്മിനിസ്ട്രേറ്റീവ്** ഓഫീസറുടെ **നടപടിക്രമങ്ങൾ**

**കാർഷിക വികസന കർഷക ക്ഷേമ** വകുപ്പ് **ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം.**

**(ഹാജർ :- ശ്രീമതി ബീന പി.എസ്. )**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനക്കാര്യം- ഡ്യൂപ്ലിക്കേറ്റിങ് ഓപ്പറേറ്റർ/ട്രാക്ടർ ഡ്രൈവർ /സീനിയർ മെക്കാനിക്ക്/സ്റ്റോർ ഇൻ ചാർജ് തസ്തികയിലെ 2023വർഷത്തെ പൊതുസ്ഥലമാറ്റം-അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :-

1. 25.2.2017 - ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 3 /2017/ഉ.പ.ഭ .വ
2. 27.2.2022- ലെ സർക്കാർ ഉത്തരവ് (Rt) നമ്പർ 147/22/Agri
3. 05.11.2019 - ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1075/19/Agri
4. 07.08.2023- ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ ADFW/100/2023-SA2 5. 16.09.2023- ൽ കൂടിയ കമ്മിറ്റിയുടെ മിനിട്ട്സ് .
6. 21/9/2023 ലെ ഈ കാര്യാലയത്തിലെ ADFW/9487/2023-SH-1 നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ ADFW/9487/2023-SH1 തീയതി . 13-10-2023**

പരാമർശം ( 1 ) , ( 2 ) , ( 3 ) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 202 3 വർഷത്തെ പൊതുസ്ഥലമാറ്റം SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം ( 4 ) പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ S P A R K മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലമാറ്റ അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു . ഇപ്രകാരം ബന്ധപ്പെട്ട മേലധികാരികളുടെ ശിപാർശയോടുകൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച ഡ്യൂപ്ലിക്കേറ്റിങ്ഓപ്പറേറ്റർ / ട്രാക്ടർ ഡ്രൈവർ / സീനിയർ മെക്കാനിക്ക് / സ്റ്റോർ ഇൻ ചാർജ് തസ്തികയിലെ പൊതുസ്ഥലമാറ്റ അപേക്ഷകൾ S P A R K മുഖേന പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്ത് ലഭിച്ച 202 3 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം ( 6 ) പ്രകാരം പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ 26/9/2023 തീയതി വരെ ലഭിച്ച ആക്ഷേപങ്ങൾ / പരാതികൾ പൊതുസ്ഥലമാറ്റ മാനദണ്ഢങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഗണനാർഹമായവ പരിഹരിച്ച് SPARK മുഖേന പ്രോസസ്സ് ചെയ്ത് ലഭിച്ച ഡ്യൂപ്ലിക്കേറ്റിങ് ഓപ്പറേറ്റർ / ട്രാക്ടർഡ്രൈവർ / സീനിയർ മെക്കാനിക്ക് / സ്റ്റോർ ഇൻ ചാർജ് തസ്തികയിലെ 2023 വർഷത്തെ പൊതു സ്ഥലം മാറ്റത്തിന്റെ അന്തിമ ഉത്തരവ് / ലിസ്റ്റ് വകുപ്പിന്റെ വെബ് സൈറ്റായ www.keralaagriculture.in - ......ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

അന്തിമ പൊതു സ്ഥലംമാറ്റ ലിസ്റ്റിൽ സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർ പകരം ജീവനക്കാർ

I/136502/2023

ജോലിയ്ക്ക് ഹാജരായില്ലെങ്കിലും ഈ ഉത്തരവ് അനുസരിച്ച് നിലവിലെ ഓഫീസിൽ നിന്നും അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും ചട്ടപ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ പുതിയ സ്ഥലത്ത് ജോലിയ്ക്ക് ഹാജരാകേണ്ടതുമാണ്. ഇപ്രകാരം വിടുതൽ ചെയ്യാതിരിയ്ക്കുന്ന ജീവനക്കാർക്കെതിരെയും / ബന്ധപ്പെട്ട ഡിഡിഒ -മാർക്കെതിരെയും നടപടികൾ സ്വീകരിയ്ക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ...20... /10/ 2023-ന് മുമ്പായി വിടുതൽ ചെയ്യുവെന്നും ചട്ടപ്രകാരമുള്ള നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചുവെന്നും ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

Signed by
Beena P S
Date: 13-10-2023 14:39:23

BEENA P S
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജീവനക്കാരന് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
2) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

പകർപ്പ്

- -IT സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
- -കരുതൽ ഫയൽ .